**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1025** — **02-02-2026 - ൽ മറുപടിയ്ക്ക്**

**ചേലക്കര മണ്ഡലം - വന്യജീവി സംഘർഷം ലഘൂകരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ചേലക്കര മണ്ഡലത്തിലെ വനാതിർത്തി പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘകരിക്കുന്നതിന്റെ ഭാഗമായി 11.07.2025-ൽ എം.എൽ.എ.യുടെ നേതൃത്വത്തിൽ ചേലക്കര പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിൽ വനം വകുപ്പുദ്യോഗസ്ഥർ, പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരെ പങ്കെടുപ്പിച്ച് വിളിച്ചു ചേർത്ത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ; | (എ) | ചേലക്കര മണ്ഡലത്തിലെ വനാതിർത്തി പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി 11/07/2025-ൽ എം.എൽ.എ.യുടെ നേതൃത്വത്തിൽ ചേലക്കര പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിൽ വനം വകുപ്പുദ്യോഗസ്ഥർ, പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരെ പങ്കെടുപ്പിച്ച് വിളിച്ചു ചേർത്ത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ താഴെ പറയുന്നവയാണ്.<br><br>സോളാർ ഫെൻസിംഗ് ജോലികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം കരാർ എടുത്ത ARTCO Solar Fencing എന്ന സ്ഥാപനത്തിന് നൽകുന്നതിന് തീരുമാനിച്ചു .<br><br>വാർഡ് PRT ലിസ്റ്റ് 20/07/2025-നകം മച്ചാട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് നൽകുന്നതിനായി ബന്ധപ്പെട്ട പ്രസിഡന്റുമാരെ ചുമതലപ്പെടുത്തി.<br><br>തിരഞ്ഞെടുത്ത PRT-കളുടെ പ്രാഥമിക യോഗം 25/07/2025 ന് ചേലക്കരയിൽ നടത്തുവാൻ തീരുമാനിച്ചു.<br><br>വാർഡ് തല ബെനിഫിഷറി കമ്മിറ്റികൾ വിളിച്ചു ചേർക്കാൻ കൃഷി വകുപ്പ്, വനം വകുപ്പ്, ജനപ്രതിനിധികൾ എന്നിവരെ ചുമതലപ്പെടുത്തി.<br><br>ചേലക്കര മണ്ഡലത്തിലെ ഫെൻസിംഗ് പ്രവർത്തികളുടേയും PRTകളുടേയും കോർഡിനേറ്ററായി മച്ചാട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറെ ചുമതലപ്പെടുത്തി.<br><br>പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് ഇതോടൊപ്പം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് മച്ചാട് റേഞ്ച് ഓഫീസർ സ്വീകരിച്ച നടപടികൾ | (ബി) | യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ |

| | | | |
|---|---|---|---|
| | എന്തൊക്കെയാണ്; പി.ആർ.ടി. (പ്രൈമറി റെസ്പോൺസ് ടീം) അംഗങ്ങൾക്ക് ട്രെയിനിംഗ്, ടോർച്ച് തുടങ്ങിയവ ലഭ്യമാക്കിയോ; | | ചുവടെ ചേർക്കുന്നു.<br>1. സോളാർ ഫെൻസിംഗ് ജോലികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശം കരാർ ഏറ്റെടുത്ത ആർട്കോ സോളാർ ഫെൻസിംഗ് എന്ന സ്ഥാപനത്തിന് നൽകുകയുണ്ടായി. ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോ-ഓപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനം 3 സ്ഥലങ്ങളിലെ ജോലികളാണ് ഏറ്റെടുത്തിട്ടുള്ളത്. അതിൽ ഏറ്റവും വലിയ പ്രവർത്തിയായ തിരുമണി കോളനി മുതൽ മണ്ണാത്തിപ്പാറ വരെയുള്ള 29.55 കി.മീ. 5 ലൈൻ സോളാർ ഫെൻസിംഗ് ജോലികളുടെ കരാർ 15/02/2025 -ന് ഒപ്പിടുകയും, കരാറുകാരൻ പ്രസ്തുത പ്രവർത്തി ഏറ്റെടുക്കുകയും ചെയ്തിരുന്നു. കരാർ കാലാവധി (3 മാസം) 14/06/2025 ന് അവസാനിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും നിരന്തരമായ ഇടപെടലുകളെ തുടർന്ന് കരാറുകാരൻ ഇതുവരെ ഏകദേശം 19 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി ജോലികൾ പുരോഗമിച്ചുവരുന്നു.<br>2. വാർഡ് തല PRT ലിസ്റ്റ് 20/07/2025-നകം മച്ചാട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് നൽകുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്മാരെ ചുമതലപ്പെടുത്തിയതിൽ ചേലക്കര (46 എണ്ണം), പഴയന്നൂർ (25 എണ്ണം), പാഞ്ഞാൾ (7 എണ്ണം), മുള്ളൂർക്കര (28 എണ്ണം) എന്നീ പഞ്ചായത്തുകളിലായി 106 പേരെ PRT അംഗങ്ങളായി തെരഞ്ഞെടുത്ത് ട്രെയിനിംഗ് നൽകുകയുണ്ടായി. PRT അംഗങ്ങൾക്ക് ടി-ഷർട്ട്, ക്യാപ്പ്, റെയിൻകോട്ട് തുടങ്ങിയ സാമഗ്രികൾ വിതരണം ചെയ്യുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.<br>3. തെരഞ്ഞെടുത്ത PRT-കളുടെ പ്രാഥമിക യോഗം 13/08/2025-ന് നടത്തുകയുണ്ടായി. |
| (സി) | പ്രസ്തുത യോഗത്തിന് ശേഷം ചേലക്കര മണ്ഡലത്തിലെ ജനവാസ മേഖലയിൽ കാട്ടാന ഇറങ്ങിയതുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; | (സി) | പ്രസ്തുത യോഗത്തിന് ശേഷം ചേലക്കര മണ്ഡലത്തിലെ ജനവാസമേഖലകളിൽ കാട്ടാന ഇറങ്ങിയതുമായി ബന്ധപ്പെട്ട് 92 സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | എം.എൽ.എ.യുടെ നേതൃത്വത്തിൽ ജനങ്ങളുടെ സഹായത്തോടെ വനാതിർത്തിയിൽ ഫാം ഗാർഡ് (എലിഫെന്റ് അലാറം) സ്ഥാപിച്ചതിന്റെ പ്രവർത്തന | (ഡി) | വിലയിരുത്തിയിട്ടുണ്ട്. എലിഫെന്റ് അലാറം സ്ഥാപിച്ച ഇടങ്ങൾ പരിശോധിച്ചതിൽ, ആയത് പ്രവർത്തനക്ഷമമാണെന്നും, 7 കി.മീ. ചുറ്റളവിൽ |

| | | | |
|---|---|---|---|
| | പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ? | | വരുന്ന ഭാഗങ്ങളിലെ വന്യമൃഗങ്ങൾ തിരികെ വനത്തിലേയ്ക്ക് കയറിപോകുന്നതായും കണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ

# യോഗ കുറിപ്പ്

ചേലക്കര നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ മനുഷ്യ വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 11.07.2025 തിയ്യതി രാവിലെ 11 മണിക്ക് ചേലക്കര പി.ഡബ്ല്യു.ഡി റസ്റ്റ് ഹൌസിൽ ബഹു. ചേലക്കര എം.എൽ.എ. യു.ആർ പ്രദീപ് അവർകളുടെ അധ്യക്ഷതയിൽ നടന്ന യോഗ നടപടികളുടെ മിനിറ്റ്സ്.

യോഗ തിയ്യതി – 11.07.2025 സമയം – 11 മണി

**യോഗത്തിൽ പങ്കെടുത്തവർ**

1. യു.ആർ. പ്രദീപ്, എം.എൽ.എ ചേലക്കര നിയോജകമണ്ഡലം (അധ്യക്ഷൻ)
2. തങ്കമ്മ, പ്രസിഡണ്ട് പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്
3. ഗിരിജ എം, പ്രസിഡണ്ട് മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്
4. പത്മജ, പ്രസിഡണ്ട് ചേലക്കര ഗ്രാമപഞ്ചായത്ത്
5. കെ.എ. ഹംസ, മെമ്പർ
6. മാർട്ടിൻ ലോവൽ ഐ.എഫ്.എസ്., ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശ്ശൂർ
7. അജിൽ പി. വേണുഗോപാൽ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ മച്ചാട്
8. അശോക് രാജ് ബി, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, വടക്കാഞ്ചേരി
9. പി. വിനോദ്, ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, വാഴാനി
10. ജി. റിജേഷ്, ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ (ഗ്രേഡ്), എളനാട്
11. എം.കെ. സനിൽ., സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, എളനാട്
12. എസ്. ഗോപാലകൃഷ്ണൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, എളനാട്
13. അനീഷ് എസ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, എളനാട്
14. ബേസിൽ ജോൺ, ആർട്ട്കോ, സോളാർ ഫെൻസിംഗ്

**താഴെ പറയുന്ന വിഷയങ്ങൾ യോഗത്തിൽ വിലയിരുത്തി**

മനുഷ്യ വന്യജീവി സംഘർഷം തടയുന്നതിനായി നടന്നുവരുന്ന തിരുമണി മുതൽ കാളിയാറോഡ് വരെയുള്ള 29.55 കി.മീ നീളത്തിലുള്ള സോളാർ ഫെൻസിംഗ് പ്രവർത്തികളിൽ മങ്ങാട് മുതൽ മണ്ണാത്തിപ്പാറ വരെയുള്ള 6 കി.മീ. നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചുവെന്ന് യോഗത്തിൽ അറിയിക്കുകയുണ്ടായി. തുടർന്ന് വരുന്ന 8 കി.മീ. വരെയുള്ള പ്രവർത്തികൾ ജൂലൈ 15-നകം പൂർത്തിയാക്കാമെന്നും, തുടർന്ന് 16.07.2025 മുതൽ ആരംഭിക്കുന്ന പ്രവർത്തികൾ പഴയന്നൂർ പഞ്ചായത്തിലെ തിരുമണി ഭാഗത്തുനിന്നും ആരംഭിക്കാമെന്നും കരാർ കമ്പനി അധികൃതർ യോഗത്തിൽ ഉറപ്പ് നൽകുകയുണ്ടായി.

**യോഗ തീരുമാനങ്ങൾ**

1. സോളാർ ഫെൻസിംഗ് ജോലികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം കരാർ എടുത്ത ARTCO Solar Fencing എന്ന സ്ഥാപനത്തിന് നൽകുകയുണ്ടായി.
2. വാർഡ്തല PRT ലിസ്റ്റ് 20.07.2025നകം മച്ചാട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് നൽകുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡണ്ടുമാരെ ചുമതലപ്പെടുത്തി.
3. തിരഞ്ഞെടുത്ത PRT കളുടെ പ്രാഥമിക യോഗം 25.07.2025 ന് ചേലക്കരയിൽ നടത്തുവാൻ തീരുമാനിച്ചു.
4. വാർഡ്തല ബെനിഫിഷറി കമ്മിറ്റികൾ വിളിച്ച് ചേർക്കാൻ കൃഷിവകുപ്പ്, വനംവകുപ്പ്, ജനപ്രതിനിധികൾ എന്നിവരെ ചുമതലപ്പെടുത്തി.
5. ചേലക്കര മണ്ഡലത്തിലെ ഫെൻസിംഗ് പ്രവർത്തികളുടേയും, PRT കളുടേയും കോർഡിനേറ്ററായി മച്ചാട് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറെ ചുമതലപ്പെടുത്തി.

യോഗം 12.45ന് അവസാനിച്ചു.